റാവു ബഹദൂർ ടി. കെ. നായർ: കഴിച്ചുകൂട്ടുന്നുണ്ട്. ഇപ്പോൾ കൺട്രോൾപ്രകാരം ഫാ വാരമാത്രം അനുവദിച്ചു കൊടുത്തിട്ടും ആരെങ്കിലും നഗ്നരായി നടക്കുന്നതായി കാണുന്നില്ല. അപ്പോൾ എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: നഴ്സുമാരുടെ മറ്റു ജോഡി ഡ്യൂട്ടി ഡ്രസ്സിനു എത്ര വാരം ഉണി വേണം.

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ് വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഉണി കിട്ടുന്നില്ലെങ്കിൽ അവക്കു പണം കൊടുക്കരുതെ?

റാവു ബഹദൂർ ടി. കെ. നായർ: പണം കൊടുത്താൽ അവർ ആ ആവശ്യത്തിനുവേണ്ടി ചിലവാക്കുമോ എന്ന സംശയമുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: എന്താണു് അങ്ങിനെ സംശയിക്കാൻ കാരണം?

റാവു ബഹദൂർ ടി. കെ. നായർ: സാധാരണ പണം കയ്യിൽ കിട്ടിയാൽ മറ്റെന്തെങ്കിലും ആവശ്യത്തിനുവേണ്ടി ചിലവു ചെയ്യുക എന്നതു മനുഷ്യ സഹജമാണു്. ആ നിലയിലാണു സംശയിക്കാൻ കാരണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാരിൽ ചിലർക്കു് Consolidated T. A. കൊടുക്കുന്നുണ്ടല്ലൊ, അവർ അതു് ആ ആവശ്യത്തിനുവേണ്ടി മാത്രം ശരിയായി ഉപയോഗിക്കുന്നില്ലെ പറയാമോ?

റാവു ബഹദൂർ ടി. കെ. നായർ: ടി. എ. യും ഈ കാര്യവും ഒരു പോലെ കണക്കാക്കാൻ പാടില്ല. ടി. എ. അവർ ചിലവാക്കുന്നുണ്ടൊ എന്നു നോക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കൊല്ലത്തിൽ അവക്കു് ആവശ്യമുള്ളതു ഉണികൊടുത്തിട്ടില്ലെങ്കിലും അവർ യൂണിഫാറം ധരിക്കുന്നുണ്ടു്. ഗവൺമെണ്ടിനു് പണം കൊടുത്താൽ ഉണി കിട്ടുകയില്ലെങ്കിൽ പിന്നെ ഇവക്കെവിടെനിന്നു കിട്ടി?

റാവു ബഹദൂർ. ടി കെ. നായർ: അവർ ഈ കൊല്ലത്തിൽ വേറെ മേടിച്ചിട്ടായിരിക്കണമെന്നില്ല; കഴിഞ്ഞ കൊല്ലത്തിലെ ഡ്രസ്സുകൾ ഉണ്ടായിരിക്കും.

മിസ്റ്റർ പി. നാരായണമേനോൻ: നഴ്സുമാർ അനുനു wash ചെയ്ത ശുചിയായ വസ്ത്രം ധരിച്ചുവരാതെ രോഗികളുടെ അടുക്കൽ പെരുമാറുന്നതു രോഗികൾക്കു കൂടി ആപത്താണെന്നുള്ളതുകൊണ്ടു് അവരുടെ യൂണിഫാറത്തിനുള്ള വസ്ത്രമെങ്കിലും കുറയ്ക്കാതെ കൊടുക്കരുതെ?

റാവു ബഹദൂർ ടി. കെ. നായർ: കുറയ്ക്കാതെ ഇരിക്കണമെന്നതന്നെയാണു് ഗവൺമെണ്ടിന്റെയും ആഗ്രഹം. പക്ഷെ, ഉണി കിട്ടാത്തതാണു് അതിനുള്ള വിഷമം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: യൂണിഫാറം ധരിക്കാതെ ആശുപത്രിയിൽ വരാൻ പാടില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ആകുമ്പോഴാണു് ഇനി ബുദ്ധിമുട്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇൻഡ്യൻ സിസ്റ്റേഴ്സിനും നഴ്സസ്സിനും ഒരേ തോതിലാണൊ ഉണി കൊടുക്കുന്നതു?

റാവു ബഹദൂർ ടി. കെ. നായർ: ഈ ചോദ്യത്തിനു് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

BANNING OF ASSOCIATIONS AND PAPERS

211. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൪൨ മീനം ൧൦-ാംനു മുതൽ മിഥുനം ൨൦-ാംനു-വരെ ഗവൺമെണ്ടു് ഈ രാജ്യത്തെ എത്ര പത്രങ്ങളുടേയും സംഘടനകളുടേയും പ്രവർത്തനങ്ങളെ നിരോധിച്ചിട്ടുണ്ടു്;

(ബി) ഓരോന്നിനും നിരോധിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം;

(സി) എത്ര കാലത്തേക്കാണു നിരോധിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്" എ. മാധവപ്രഭ :

(എ) "പ്രജാമിത്രം", "എക്സ്പ്രസ്സ്" എന്നി പത്രങ്ങളുടെ അച്ചടി പ്രസിദ്ധീകരണവും "ഏനാമ്മാവു പെരിങ്ങോട്ടുകര പെത്തുതൊഴിലാളിയൂണിയൻ" എന്ന സംഘടനയുടെ പ്രവർത്തനവും നിരോധിച്ചിട്ടുണ്ട്.

(ബി) നിരോധനത്തിനുള്ള കാരണങ്ങൾ ഗവൺമെണ്ടു പ്രസ്സ്നോട്ടുകളിൽ വിശദമാക്കിട്ടുണ്ട്.

(സി) ഇതു കാലത്തേക്കു് എന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പെത്തുതൊഴിലാളികളിൽ ചില വ്യക്തികൾ പല അക്രമങ്ങളും പ്രവൃത്തിച്ചിട്ടുണ്ടെന്നല്ലാതെ ആ തൊഴിലാളി സംഘടനയുടെ പ്രവർത്തനം നിരോധിക്കത്തക്കവണ്ണം ആ സംഘടന ചെയ്ത അനീതികളെന്താണെന്നു് അതിനെ സംബന്ധിച്ചു ഗവൺമെണ്ടിന്റെ പ്രസ്താവനയിൽ കാണുന്നില്ല.

റാവു സാഹിബ് എ. മാധവപ്രഭ: അതൊക്കെ ആ സംഘടനയുടെ നേതൃത്വത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളാണു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ സംഘടനയുടെ കീഴിൽ ചെയ്തിട്ടുള്ളതാണെന്നതിനു് ആ സംഘടനയുടെ അതിനുവേണ്ടി പാസ്സാക്കിട്ടുള്ള വല്ല പ്രമേയമൊ മറ്റു രേഖകളൊ തെളിവിനായി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടൊ ?

റാവു സാഹിബ്" എ. മാധവപ്രഭ: ഗവൺമെണ്ടിനു റിപ്പോർട്ടു കിട്ടിയിട്ടുണ്ടു് അങ്ങിനെ ആ സംഘടനയുടെ കീഴിൽ ചെയ്തിട്ടുള്ളതാണെന്നു്.

PRICE OF COCOANUT CAKE

212. മിസ്റ്റർ എം. ഒ. തോമക്കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇറക്കുമതി ചെയ്ത പിണ്ണാക്കിന്റെ വില നിയന്ത്രണവിലയേക്കാൾ വർദ്ധിച്ചിരിക്കുന്നതിനു വിരോധമില്ലെന്നുള്ള ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെന്നു വരികിൽ ഗവൺമെണ്ടു വക ന്യായവിലഷാപ്പുകൾക്കു കൂടാതെ സ്വകാര്യവ്യക്തികൾക്കു വിലകൂട്ടിവില്പാൻ അനുമതി കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല.

(ബി) മേൽച്ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനും ഉത്തരം ആവശ്യമില്ല.

MENTAL HOSPITAL—DETAILS REGARDING

213. **Mr. A. Eachara Menon** *(Chittur-Tattamangalam)* : Will Government be pleased to state.—

(a) who is in charge of the Mental Hospital of the State at present ;
(b) has he specialised in the Science ;
(c) what are his qualifications?

Rao Bahadur T. K. Nayar *(Minister for Public Health)* :

(a) Sub-Assistant Surgeon T. Krishnankutty Menon is now temporarily in charge of the Mental Hospital.
(b) He has no special training in this line.
(c) L.M.P.

Mr. A. Eachara Menon *(Chittur-Tattamangalam)*: Will the Government be pleased to get down an expert for at least one year and see that the patients are treated and a few medicos got trained?

Rao Bahadur T. K. Nayar *(Minister for Public Health)*: The idea is to put an expert in charge of it, but we could not get an expert. Now the idea is to send someone in service for training in Madras.

Mr. A. Eachara Menon *(Chittur-Tattamangalam)*: There is a gentleman in Palghat with experience who has returned from the Indian service.

Rao Bahadur T. K. Nayar *(Minister for Public Health)*: I have noted the suggestion of the Hon'ble Member and I am trying to contact him.

LIBRARY ARCHIVES Kerala Legislative Assembly